# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.8/1694/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 02/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: /സി.8/1694/2022 കെ.എസ്.എ/കെ.എൻ.ആർ തീയ്യതി: 02/03/2023

## കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2021 മുതൽ 20-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജിലൻ.എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 21-11-2022 | 01-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-11-2022 | 01-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ.ഷിജു.എ -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഉഷ.എ -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഗോകുൽ .ഡി.കെ -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.സി.ഗംഗാധരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.രാജേഷ് കുമാർ.ടി | സെക്രട്ടറി | 01-04-2021 | 08-07-2021 |
| ശ്രീ.കെ.സത്യൻ | സെക്രട്ടറി | 09-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സൗമ്യ.എ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷൈമജ ഉത്തമൻ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ഫറൂഖ്.ടി.എം | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.ജഷി ദിനകരൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ.വിൽഫ്രഡ് സാജൻ | വി ഇ ഒ ( മാങ്ങാട്ടിടം സെക്ഷൻ) | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷിനി.പി | വി ഇ ഒ (കണ്ടംകുന്ന് സെക്ഷൻ) | 01-04-2021 | 31-03-2022 |
| ശ്രീമതി.രജനി.പി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 28-06-2021 |
| ശ്രീമതി.പ്രിയ.പി.എം | ഐ സി ഡി എസ് സൂപ്പർവൈസർ | 29-06-2021 | 17-11-2021 |
| ശ്രീമതി .രോഷ്നി.ഒ | ഐ സി ഡി എസ് സൂപ്പർവൈസർ | 18-11-2021 | 31-03-2022 |
| ശ്രീ.പ്രണാം.ടി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 05-08-2021 |
| ശ്രീ.മനോജ് കുമാർ.ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 06-08-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു.യു.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രവീണ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീത.പി.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 30-09-2021 |
| ഒഴിവ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-10-2021 | 07-10-2021 |

| | | | |
|---|---|---|---|
| ശ്രീ.ഷാജി.സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 08-10-2021 | 31-03-2022 |
| ശ്രീമതി.രജിത ചെറിയാക്കടവൻ | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 27-10-2021 |
| ഒഴിവ് | ഹെഡ് മിസ്ട്രസ്സ് | 28-10-2021 | 31-10-2021 |
| ശ്രീമതി.രാജശ്രീ കാളിയത്താൻ | ഹെഡ് മിസ്ട്രസ്സ് | 01-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ | 1-2-1 |
| 4 | തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുക മുഴുവനും ക്രമീകരിക്കാതെ തുക തിരിച്ചടക്കുന്നത് ഒഴിവാക്കേണ്ടതാണ് | 1-2-2 |
| 5 | സാമ്പത്തീക വിശകലനം | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതിഅവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതിക**ൾ** | 1-7 |
| 10 | സാമൂഹ്യസുരക്ഷ പെൻഷൻ മരണാനന്തരം നൽകിയത് തിരിച്ചടച്ചു | 1-7-1 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | ഗ്രാമ സഭ | 1-10 |
| 14 | ഇ ടെ**ൻ**ഡ**ർ** ഫീസ് പഞ്ചായത്തിന് ലഭ്യമാകുന്നില്ല | 1-11 |
| 15 | കെട്ടിട വാടക - വാടക വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോ തയ്യാറാക്കിയില്ല, വാടക കെട്ടിടത്തി**ൽ** പ്രവ**ർ**ത്തിക്കുന്ന സ്ഥാപനങ്ങളി**ൽ** നിന്ന് തൊഴി**ൽ** നികുതി ഈടാക്കുന്നില്ല | 1-12 |
| 16 | വില്ലേജ് ഓഫീസുകളുടെ  കെട്ടിട നികുതി കുടിശ്ശിക (18542/-) ഈടാക്ക**ൽ** നടപടിക**ൾ** ത്വരിതപ്പെടുത്തേണ്ടതാണ് | 1-13 |
| 17 | ഡെഫർഡ് സാലറി-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-14 |
| 18 | സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-15 |
| 19 | ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-16 |
| 20 | പ്രേരക്-മാർക്ക് നൽകിയ ഓണറേറിയം- സാക്ഷരതമിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. | 1-17 |
| 21 | ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക അനുവദിച്ചത് -വിനിയോഗ വിവരം, പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-18 |
| 22 | തെരുവ് വിളക്ക്  അറ്റകുറ്റപണികളും റിപ്പയറും -ചെലവ് രേഖകൾ ഹാജരാക്കാത്തതും മറ്റു അപാകങ്ങളും ₹67019 (59836+7183) തടസ്സപ്പെടുത്തുന്നു | 1-19 |

| | | |
|---|---|---|
| 23 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-20 |
| 24 | തേനീച്ച വളർത്തലിൽ കർഷകർക്ക് പരിശീലനം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല -₹ 2,40,000 തടസ്സപ്പെടുത്തുന്നു | 1-21 |
| 25 | പശു വളർത്തൽ- ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടില്ല.₹30000 തടസ്സപ്പെടുത്തുന്നു. | 1-22 |
| 26 | ആട് വളർത്തൽ പദ്ധതി -രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 30000 തടസ്സപ്പെടുത്തുന്നു | 1-23 |
| 27 | ആട് വളർത്തൽ മിനി ഫാം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹25,000 നിരാകരിക്കുന്നു | 1-24 |
| 28 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-25 |
| 29 | ശുചിത്വ മിഷൻ ഫണ്ട്- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല ₹20000 തടസ്സപ്പെടുത്തുന്നു. | 1-26 |
| 30 | സ്വാന്തന പരിചരണം ₹2,75,198 മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-27 |
| 31 | പാലിയേറ്റീവ് മാനേജ്മെൻറ് കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-28 |
| 32 | സമഗ്ര ആരോഗ്യ പരിപാടി പദ്ധതി നടത്തിപ്പിലെ അപാകത -₹58810 തടസ്സപ്പെടുത്തുന്നു | 1-29 |
| 33 | തുല്യത കോഴ്സ് - തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടത് | 1-30 |
| 34 | ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം ₹190039 തടസ്സപ്പെടുത്തുന്നു | 1-31 |
| 35 | ചാത്തൻകുളം ചുറ്റുമതിൽ നിർമാണം- നിയമാനുസൃത റിക്കവറികൾ നടത്തിയിട്ടില്ല - | 1-32 |
| 36 | കൃഷി ഓഫീസർ പദ്ധതി അവലോകനം | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ആട് വളർത്തൽ മിനി ഫാം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹25,000 നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ്റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷീക ധനകാര്യ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഭരണസമിതിയുടെ 23.2.2021 ലെ അജണ്ട 1- 23/2021 നമ്പർ തീരുമാന പ്രകാരം ബജറ്റും , 26.3.2022 ലെ അജണ്ട - 2-112/2022 നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചു

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 1,01,66,338 | 3,59,78,014 |
| വരവ് | 15,88,21,000 | 16,10,67,878 |
| ആകെ | 16,89,87,338 | 19,70,45,892 |
| ചെലവ് | 15,72,13,674 | 16,92,57,405 |
| നീക്കിയിരിപ്പ് | 1,17,73,664 | 2,77,88,487 |

### 1-2 വാർഷിക ധനകാര്യ പത്രിക

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ 09.05.2022ലെ 140/2022നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 16.06.2022 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

1-തൊഴിൽ നികുതി ട്രേഡ്ലെഡ്ജറിൽ ഡിമാൻഡിനേക്കാൾ 415390 കൂടുതലായി നികുതി ഈടാക്കിയതായി 195400+321300=516700കാണുന്നു.

2-അസിസ്റ്റന്റ് എഞ്ചിനിയറുടെ ബില്ലിൽ നിന്നും ഈടാക്കിയ സർവ്വീസ് ചാർജ്ജ് ₹4288യാണ്. എന്നാൽ I-4 (B) യിൽ 4509 രേഖപ്പെടുത്തിയിരിക്കുന്നു. ₹221 തെറ്റായി വരവു വച്ചിരിക്കുന്നു

3-ഡെപ്പോസിറ്റ്,സ്റ്റെയിൽ ചെക്ക് എന്നിവയിൽ ഫോർഫീറ്റ് ചെയ്യാനുള്ള തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല

4-B4-ൽ മുന്നിരിപ്പുള്ള തുകകൾ വിനിയോഗിക്കാതെ ഈ വർഷവും നീക്കിയിരിപ്പായി കാണുന്നു . ഇവ ഏത് വർഷം ലഭിച്ചതാണെന്നും , വിനിയോഗിക്കാത്തത്/തിരിച്ചടക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല

| CODE NO | ഇനം | തുക |
|---|---|---|
| 320300103 | TSC | 2,18170 |

| | | |
|---|---|---|
| 320700205 | DIST PANCHAYAT SHARE | 134387 |
| 320800199 | SPECIFIC PURPOSE GRANT | 3,00,000 |
| 320800101 | BENEFICIARY CONTRIBUTION | 481520 |

5-I-14 (C) യിൽ ജി ഒ പ്രോജക്റ്റ് ചെലവ് , ഐ കെ എം ,കംപ്യൂട്ടറൈസേഷൻ തുടങ്ങിയ ചെലവുകൾ മാത്രമേ പാടുള്ളൂ എന്നിരിക്കെ അങ്കണവാടി പോഷകാഹാരം, ആശ്രയ അഗതി പുനരധിവാസ ചെലവ് എന്നിവ ഉൾപ്പെട്ടിരിക്കുന്നു

6-ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

7- B-11 ഷെഡ്യൂളിൽ ഭൂമി മൂല്യം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല

8-Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation,book Value Of Asset, Life Time Of Asset Etc ) ഹാജരാക്കിയിട്ടില്ല

9-B-11(a) Capital Work In Progress ഇനത്തിൽ 11,10,913രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.ആയതിന്റെ വിശദവിവരം പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

10-ടെണ്ടർ ഫോമുകളുടെ വിൽപനയിനത്തിൽ 82,777ഈടാക്കിയിട്ടുണ്ട് .ടെണ്ടർ ഫോറം സ്റ്റോക്ക് , വിതരണ രജിസ്റ്റർ, പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

11- ശുചിത്വമിഷൻ ഗ്രാന്റിനത്തിൽ നീക്കിയിരിപ്പായി (-)371213 ഉൾപ്പെടുത്തിയിരിക്കുന്നു. (-) വരാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

12-2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 62-3 ൽ നിർദ്ദേശിച്ച പ്രകാരമുള്ള മുൻവർഷത്തെ താരതമ്യ തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

13-2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ (ചട്ടം 62-4) ൽ നിർദ്ദേശിച്ച പ്രകാരം വാർഷിക കണക്കിലെ ബാലൻസ്ഷീറ്റിലെ തുകകൾ അടുത്തുള്ള രൂപയിലേക്ക് റൗണ്ട് ചെയ്തിട്ടില്ല.

## 1-2-2 തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുക മുഴുവനും ക്രമീകരിക്കാതെ തുക തിരിച്ചടക്കുന്നത് ഒഴിവാക്കേണ്ടതാണ്

1-MGNREGS ലെ അഡ്മിൻ ഫണ്ടിന് വേണ്ടി തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുകയിൽ ₹1956 ക്രമീകരിക്കാൻ ബാക്കിയുണ്ട്. ആയത് ക്രമീകരിക്കാതെ MGNREGS ഫണ്ട്( RP-31 8170) ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് തിരിച്ചടച്ചു

2-വി ഇ ഒയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ശുചിത്വ മിഷൻ ഫണ്ട് നീക്കിയിരിപ്പ് പര്യാപ്തമല്ലാത്തതിനാൽ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാനും ,ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തനത് ഫണ്ട് ക്രമീകരിക്കേണ്ടതുമാണെന്ന് ഭരണസമിതി 5.3.2022ലെ 1/83/2022(12) തീരുമാനിച്ചിട്ടുണ്ട്. എന്നാൽ തനത് ഫണ്ടിലേയ്ക്ക് തുക റീക്കൂപ്പ് ചെയ്യാതെ ₹ 14,66,751 ശുചിത്വ മിഷൻ ഫണ്ടിലേയ്ക്ക് തിരിച്ചടക്കുകയാണ് ചെയ്തത്

തനത് ഫണ്ടിലേയ്ക്ക് തുക മുഴുവനായും ക്രമീകരിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് തിരിച്ചടക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-3 സാമ്പത്തീക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 4,50,41,585.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 10,44,19,816.00 |
| ആകെ | 14,94,61,401.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,84,40,124.00 |
| നീക്കിയിരിപ്പ് | 5,10,21,277.00 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ | 25000 |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 911066 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട്മെന്റ ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട്ജനറൽ | | | 2,47,83,200 | 2,47,83,200 | 2,25,65,171 | 22,18,029 |
| വികസനഫണ്ട് എസ്.സി.പി | | | 12,54,246 | 12,54,246 | 11,54,000 | 1,00,246 |
| മെയിന്റനൻസ് റോഡ് | | | 1,82,02,000 | 1,82,02,000 | 1,69,05,330 | 12,96,670 |
| മെയിന്റനൻസ് നോൺറോഡ് | | | 72,32,624 | 72,32,624 | 3717646 | 35,14,978 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ-ബേസിക് | | | 51,06,275 | 51,06,275 | 15,08,349 | 35,97,926 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | | | 95,26,806 | 95,26,806 | 56,66,010 | 38,60,796 |
| ഐസിഡിഎസ് | | 879471 | 1439350 | 2318821 | 2208070 | 110751 |
| എം പി ഫണ്ട് | | 6586 | 194 | 6780 | 0 | 6780 |
| റർബൻ | | 1,57,363 | 487 | 1,57,850 | 157363<br>487(തിരിച്ചടച്ചു) | 0 |
| സാക്ഷരത | | 1557 | 63 | 1620 | 0 | 1620 |
| ശുചിത്വം | | 2150852 | 208720 | 2359572 | 1466751 (തിരിച്ചടച്ചു)<br>12,64,034 | (-)3,71,213 |
| ടി എസ് സി | | 218170 | 0 | 218170 | 0 | 218170 |
| സ്പെസിഫിക് പർപസ് ഗ്രാന്റ് | | 835963 | 487850 | 1323813 | 199860 | 1123953 |
| നഗരസഭ വിഹിതം | | 68,34,000 | 0 | 68,34,000 | 15,480 | 68,18,520 |
| മറ്റ് ധനകാര്യം | | | 6,40,000 | 6,40,000 | 5,80,000 | 60,000 |
| എംജിഎൻആർ ഇജിഎസ് | ഭരണചെലവ് | 3082 | 730537 | 733619 | 731663(725449+8170-തിരിച്ചടച്ചത്) | 1956 |
| | തൊഴിലാളി കളുടെകൂലി, മെറ്റീരിയൽ ചെലവ് | | 34239132 | 34239132 | 34239132 | |

ഗ്രാന്റ് പത്രിക ഹാജരാക്കിയിട്ടില്ല

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായിനടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകള |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ടെ ശത മാനം |
| 220 | 11,35,96,908 | 177 | 7,06,43,750 | 150 | 27 | 43 | 68 |

| ക്രമ നമ്പർ | നിർവ്വഹണഉദ്യോഗസ്ഥരുടെ വിവരം | പദ്ധതി അടങ്കൽ | അംഗീ കരിച്ചപദ്ധ തികളുടെ എണ്ണം | പദ്ധതി ചെലവ് | നടപ്പാ ക്കിയ പദ്ധതി കളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 45,22,085 | 11 | 44,92,085 | 10 | 99 |
| 2 | വെറ്റിനറിസർജൻ | 38,92,000 | 8 | 38,92,000 | 8 | 100 |
| 3 | മെഡിക്കൽഓഫീസർ (പിഎച്ച്സി) | 32,95,692 | 13 | 28,18,192 | 12 | 86 |
| 4 | മെഡിക്കൽഓഫീസർ (ആയുർവേദം) | 11,36,610 | 3 | 11,36,610 | 3 | 100 |
| 5 | വില്ലേജ്എക്സ്റ്റൻഷൻഓഫീസർ -മാങ്ങാട്ടിടം | 12060915 | 16 | 8929744 | 14 | 74 |
| 6 | വില്ലേജ്എക്സ്റ്റൻഷൻഓഫീസർ -കണ്ടംകുന്ന് | 98,84,317 | 14 | 33,33,727 | 9 | 34 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 85,40,979 | 10 | 76,16,049 | 9 | 89 |
| 8 | സെക്രട്ടറി | 1,93,35,989 | 34 | 41,65,560 | 18 | 22 |
| 9 | അസിസ്റ്റന്റ്എഞ്ചിനീയർ | 3,95,11,576 | 81 | 2,52,94,409 | 63 | 64 |
| 10 | അസിസ്റ്റന്റ്സെക്രട്ടറി | 32,35,504 | 11 | 23,99,479 | 11 | 74 |
| 11 | ഹെഡ്മാസ്റ്റർ | 24,81,123 | 9 | 21,79,351 | 8 | 88 |
| 12 | ഡയറി ഫാം ഇൻസ്റ്റർ | 36,44,194 | 3 | 35,67,000 | 3 | 98 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 20,55,924 | 4 | 8,19,544 | 4 | 40 |
| | ആകെ | 11,35,96,908 | 220 | 7,06,43,750 | 177 | 62 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | | |
|---|---|---|---|---|---|---|
| എംജിഎൻആർഇജിഎസ് | ഭരണചെലവ് | 3082 | 730537 | 733619 | 731663(725449+8170-തിരിച്ചടച്ചത്) | 1956 |
| | തൊഴിലാളികളുടെകൂലി | | 34239132 | 34239132 | 34239132 | |
| | ആകെ | 3082 | 34969669 | 34972751 | 34970795 | 1956 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 10380600 | 672 |
| വിധവാപെൻഷൻ | 22969700 | 1541 |
| വാർദ്ധക്യകാലപെൻഷൻ | 39288800 | 2989 |
| ഭിന്ന ശേഷി പെൻഷൻ | 6929800 | 476 |
| 50വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിതപെൻഷൻ | 5122600 | 338 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 3,90,000 | 13 |

## 1-7-1 സാമൂഹ്യസുരക്ഷ പെൻഷൻ മരണാനന്തരം നൽകിയത് തിരിച്ചടച്ചു

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് 2021-22 വർഷം മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉദാഹരണം താഴെ കൊടുക്കുന്നു .

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്റ്റർ | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| കുഞ്ഞിരാമൻ .എൻ | 389122202971 | 111600203279 | 192/21 DT 22.12.21 | 10.12.2021 | N O A P | 9/22 |

1-മേൽ പരാമർശിച്ച ശ്രീ.കുഞ്ഞിരാമൻ .എൻ എന്നവരുടെ പെൻഷൻ സസ്പെൻഡ്ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറിയുടെ (നം.19/29.11.2022) അടിസ്ഥാനത്തിൽ അധികം അക്കൗണ്ട് ചെയ്ത രൂപ 6000 കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ച് അക്കൗണ്ടിലേയ്ക്ക് (001101023000269)തിരിച്ചടച്ചിട്ടുണ്ട്

2-മരണപ്പെട്ടവരുടേയും അനർഹരായവരുടേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള സർക്കുലർ നം 63/2021 ധന തീയതി 2.8.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്നും, പഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് ഉറപ്പു വരുത്താറുണ്ടെന്നും മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ പെൻഷൻ ഗുണഭോക്താവാണെങ്കിൽ ആ തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിക്കാറുണ്ടെന്നും ,സർക്കാർ നിർദ്ദേശ പ്രകാരം (97/2019 ധന തീയതി 11.12.2019) പഞ്ചായത്ത് പരിധിയിലെ വിധവാ പെൻഷൻ ഗുണഭോക്താക്കളുടെ അർഹത പുനപ്പരിശോധിച്ചത് പ്രകാരം ശ്രീമതി.ഷാഹിദ.വി, എന്ന ഗുണഭോക്താവിന്റെ വിധവ പെൻഷൻ പുന:പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും, സർവ്വീസ് പെൻഷൻ കൈപ്പറ്റുന്ന ഏതെങ്കിലും വ്യക്തി സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട് .

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-11 -2022 തീയ്യതിയിൽ 4.30 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 17688 (പതിനേഴായിരത്തി അറന്നൂറ്റിയെൺപത്തിയെട്ട് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ററാഫ് മീറ്റിംഗ് പ്രതിമാസം കൂടിയിട്ടില്ല. ജോലി ഭാരം ലഘൂകരിയ്ക്കാനായി സെക്ഷൻ പുന:ക്രമീകരണം നടത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും സമഗ്ര ജോലി വിഭജന ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥർക്ക് ടാർജറ്റ് നിശ്ചയിച്ച നൽകിയിട്ടുണ്ട്. വസ്തു നികുതി 100% പിരിച്ചെടുത്തിട്ടുണ്ട്. കെട്ടിട വാടക - വാടക വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോ തയ്യാറാക്കിയില്ല,വാടക

കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല പെൻഡിംഗ് ഫയൽ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മരണാനന്തരം സാമൂഹ്യ സുരക്ഷപെൻഷൻ അനുവദിക്കുന്നുണ്ടോ എന്ന് കൃത്യമായി നിരീക്ഷിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സ്മാർട്ട് ഗാർബേജ് സിസ്റ്റത്തിനായിട്ടുള്ള പ്രവർത്തനങ്ങൾ പൂർത്തീയായിട്ടില്ല. വാങ്ങൽ നടപടിക്രമങ്ങളുടെ മിനുട്ട്സ് വിശദമായി എഴുതുന്നില്ല. പ്രോജക്കുകളുടെ വിവരങ്ങൾ മാത്രം എഴുതിചേർക്കുന്ന രീതി മാത്രമാണ് ഉള്ളത് .

## 1-10 ഗ്രാമ സഭ

2021-22 വർഷത്തിൽ ഒരു ഗ്രാമ സഭ (12/1/2022) മാത്രമാണ് ചേർന്നിട്ടുള്ളത്. ഈ ഗ്രാമ സഭകളിൽ 2021-22 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകാരം, MGNREGS ലേബർ ബജറ്റ് അംഗീകാരം, അതി ദരിദ്രരുടെ പട്ടിക അംഗീകാരം, 15th ധനകാര്യകമ്മീഷൻ ഗ്രാന്റ് പ്രോജക്ട് നിർദ്ദേശങ്ങൾ തുടങ്ങിയവയാണ് പ്രധാനപ്പെട്ട അജണ്ട. ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്തിട്ടുണ്ട്. മിനുട്ട്സ് സാക്ഷ്യപ്പെടുത്തുന്നില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം. 11/2018 ത.സ്വ.ഭ.വ, തീയതി 02.02.2018 ഖണ്ഡിക 3.2.3 പ്രകാരം ഓരോ ഗ്രാമ സഭാ യോഗത്തിന്റെയും തീരുമാനങ്ങൾ അവിടെ വച്ചുതന്നെ എഴുതി തയ്യാറാക്കി ഗ്രാമ സഭ അദ്ധ്യക്ഷൻ, കൺവീനർ, ഉദ്യോഗസ്ഥർ, യോഗത്തിൽ പങ്കെടുത്ത സഭാ അംഗങ്ങളിൽ ചുരുങ്ങിയത് 15 പേർ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏല്പിക്കേണ്ട ഉത്തരവാദിത്തം കോ-ഓർഡിനേറ്ററുടേതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

## 1-11 ഇ ടെൻഡർ ഫീസ് പഞ്ചായത്തിന് ലഭ്യമാകുന്നില്ല

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം ഇ ടെൻഡർ മുഖേന 8 മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ആകെ 18 ടെണ്ടറുകൾ ലഭ്യമായതിൽ പഞ്ചായത്തിന് ടെൻഡർ ഫീ ഇനത്തിൽ 35200/- ലഭ്യമാവാൻ ഉണ്ട്. ആയതു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 കെട്ടിട വാടക - വാടക വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോ തയ്യാറാക്കിയില്ല, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

2021-22 സാമ്പത്തിക വർഷം കട മുറി വാടകയിനത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് പഞ്ചായത്തിന് 15750/- രൂപ വരവ് വന്നിട്ടുണ്ട്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | പ്രതിമാസ വാടക |
|---|---|---|---|
| 1 | കൈതേരി ക്ഷീരോൽപ്പാദക സഹകരണ സംഘം | 8/539B(14 /12/2021 മുതൽ) | 500+18% GST |
| 2 | കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ | 17/176C (15.12.2021 മുതൽ) | 4000+18% GST |

മേൽ കട മുറികൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്
1)ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് മുന്നോടിയായി വാടക വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോ തയ്യാറാക്കി നടപടിക്രമങ്ങൾ നിർവചിച്ചിട്ടില്ല
2)തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ എന്നിവ പരിശോധിച്ചതിൻ പ്രകാരം ഗ്രാമ പഞ്ചായത്ത് മേൽ പറഞ്ഞിരിക്കുന്ന രണ്ട് സ്ഥാപനങ്ങളോടും ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാൻഡ് ചെയ്യുകയോ സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല

പ്രസ്തുത വിഷയത്തിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.11/25.11.2022) മേൽ പറഞ്ഞിരിക്കുന്ന രണ്ട് കെട്ടിടങ്ങളും റർബൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പണി കഴിപ്പിച്ചവയാണെന്നും ഇതിൽ കൈതേരി ക്ഷീരോൽപ്പാദക സഹകരണ സംഘം പ്രവർത്തിക്കുന്നത് 'Agri Product Collection And Marketing Centre With Cold Storage Fecility And Collecting Vehicle' എന്ന ആവശ്യത്തിലേക്ക് നിർമ്മിച്ച കെട്ടിടത്തിലാണെന്നും, കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രവർത്തിക്കുന്നത്

കുടുംബശ്രീ സംരംഭകർക്ക് മൈക്രോ സംരംഭം ആരംഭിക്കുന്നതിനു വേണ്ടിയുള്ള കെട്ടിടത്തിലാണെന്നും ഒരു പ്രത്യേക ഉദ്ദേശത്തോടു കൂടി നിർമ്മിച്ച കെട്ടിടങ്ങളായതിനാലാണ് വാടകയ്ക്ക് നൽകിയപ്പോൾ ബൈ ലോ തയ്യാറാക്കാതിരുന്നതെന്നും കെട്ടിടത്തിൽ വാടകയ്ക്കു പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി അടവാക്കുന്നതിന് കത്ത് നൽകി ഈടാക്കുന്നതാണ് എന്നുള്ള മറുപടിയാണ് സമർപ്പിച്ചിട്ടുള്ളത്.

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ്, കടമുറികൾ എന്നിവ വാടകയ്ക്ക് നൽകുമ്പോൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) എന്നിവ പ്രകാരം ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം വാങ്ങേണ്ടതാണ്. ആയതിനാൽ മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങൾ വരും വർഷങ്ങളിലും വാടകയ്ക്ക് നൽകുകയാണെങ്കിൽ വാടക വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോ നിർബന്ധമായും തയ്യാറാക്കേണ്ടതും പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 10(1) പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ /കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം. 18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം മൂലം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതിവിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും. ആയതിനാൽ മേൽ കെട്ടിടങ്ങൾ വാടകയ്ക്കെടുത്തിരിക്കുന്ന രണ്ട് സ്ഥാപനങ്ങൾക്കും അവരുടെ വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ നോട്ടീസ് നൽകേണ്ടതും ആയതിൻ പ്രകാരം തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-13 വില്ലേജ് ഓഫീസുകളുടെ കെട്ടിട നികുതി കുടിശ്ശിക (18542/-) ഈടാക്കൽ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

വസ്തു നികുതി ഡിമാൻഡ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന വില്ലേജ് ഓഫീസുകളിൽ നിന്ന് നികുതിയിനത്തിൽ ചുവടെ പറയും പ്രകാരം കുടിശ്ശിക ഈടാക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

| ക്രമ നം | സ്ഥാപനം | കെട്ടിട നം | കെട്ടിട നികുതി (സാമ്പത്തിക വർഷത്തിൽ) | കുടിശ്ശിക ഈടാക്കുവാനുള്ള കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | തഹസിൽദാർ തലശ്ശേരി വില്ലേജ് ഓഫീസ്, കണ്ടംകുന്ന് | 9/345 | 2779 | 2018-19 മുതൽ 2021-22 വരെ | 11116 |
| 2 | തഹസിൽദാർ വില്ലേജ് ഓഫീസ്, മാങ്ങാട്ടിടം | 12/172 | 1834 | 2018-19 മുതൽ 2021-22 വരെ | 7336 |
| ആകെ | | | | | 18542 |

പ്രസ്തുത വിഷയത്തിൽ സമർപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/24.11.2022) വില്ലേജ് ഓഫീസുകളിൽ നിന്ന് നികുതി ഈടാക്കുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള നിയമ നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

## 1-14 ഡെഫർഡ് സാലറി-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

വൗച്ചർ നമ്പർ 22100050/21-04-2021 ₹ 5,81,847

ജി.ഒ(പി) 140/2020/ധന തീയതി 25-10-2020 ഉത്തരവ് പ്രകാരം കോവിഡ് കാരണം ജിവനക്കാരുടെ ശമ്പളത്തിൽ നിന്ന് മാറ്റിവെച്ച ശമ്പളം 1st ജൂൺ 2021 മുതൽ (2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ ) മാറ്റിവെച്ചതുകക്ക് അനുസൃതമായി മാസഗഡുക്കളായി തിരികെ നൽകുന്നതിനാണ് നിർദ്ദേശം നൽകിയത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് മുഴുവൻ തുകയും മേൽ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട് സർക്കാർ നിർദ്ദേശം പാലിക്കാതെ മുഴുവൻ തുകയും ഒന്നിച്ച് അനുവദിച്ചതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/24.11.22) മറുപടിയായി 26.2.2021 ലെ സ.ഉ(അ)നം 43/21 ധന ഉത്തരവിലെ 2-ാം ഖണ്ഡിക, 4.3.21 ലെ 20/2020 ധന നമ്പർ പരിപത്രം എന്നിവ

പ്രകാരവും, ബഹു ട്രഷറി ഡയറക്ടറുടെ 8.3.21 , 20.3.21 എന്നീ തീയതികളിലെ TRY/1380/2020- E1 നമ്പർ കത്തിൽ പ്രത്യേക ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിൽ പൊതു മേഖല, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായ സ്ഥപന മേധാവികൾ നിക്ഷേപിച്ചിട്ടുള്ള തുക ആവശ്യപ്പെടുന്ന മുറയ്ക്ക് സ്ഥാപനത്തിന്റെ ട്രഷറി-ബേങ്ക് അക്കൗണ്ടിലേക്ക് ഒറ്റതവണയായി തിരികെ നൽകാവുന്നതാണെന്നും, ആയത് ജീവനക്കാരുടെ അക്കൗണ്ടുകളിലേക്ക് ട്രഷറികളിൽ നിന്നും നേരിട്ട് കൈമാറ്റം ചെയ്യേണ്ടതില്ലെന്ന് നിർദ്ദേശിച്ചതായും അറിയിച്ചിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാറ്റിവെച്ച് കൂത്തുപറമ്പ് സബ്ട്രഷറിയിൽ നിക്ഷേപിച്ചതുമായ തുക തിരികെ ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷകളുടെ സാധുത ട്രഷറി ഓഫീസർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഒറ്റതവണയായി തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റിയതു കാരണമാണ് ജീവനക്കാർക്ക് ഒറ്റതവണയായി നൽകിയെന്നാണ് അറിയിച്ചത്. സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ മുഴുവൻ തുകയും ഒന്നിച്ച് തിരികെ നൽകിയത് ശരിയായ നടപടിയല്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-15 സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

ജി.ഒ.(പി) 152/2020/ഫിൻ തീയതി 05-11-2020 ഉത്തരവിൽ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 മുതലേ അനുവദിക്കുകയുള്ളുവെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും ജി.ഒ.(പി) 104/2021/ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 മുതൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിക്കാതെ താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിച്ചിട്ടുണ്ട്.

| പേര് | ഉദ്യോഗപേര് | വൗച്ചർ നമ്പർ/ തീയതി ,തുക | അനുവദിച്ച തുക |
|---|---|---|---|
| ബിന്ദു.യു.വി | അസിസ്റ്റന്റ് സെക്രട്ടറി | 22100194/ 2.6.21 | ₹58386 |
| പ്രശാന്ത് .കെ.ബി | ഹെഡ് ക്ലർക്ക് | | ₹57054 |
| മധുസൂദൻ.ചെറിയക്കടവൻ | സീനിയർ ക്ലർക്ക് | | ₹45843 |
| സുനിത പെരിങ്ങാളി | സീനിയർ ക്ലർക്ക് | | ₹45843 |
| ലിസ.കെ | ക്ലർക്ക് | | ₹31909 |
| പ്രസൂൺ.വി.സി | ക്ലർക്ക് | | ₹30304 |
| സജ്ന.ടി | സീനിയർ ക്ലർക്ക് | 22100309/15.7.21 | ₹43623 |

സർക്കാർ ഉത്തരവിന് അനുസൃതമല്ലാതെ ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/23.11.2022) 5.11.2020 ലെ ജി.ഒ(പി)152/2020/ഫിൻ ഉത്തരവ് പ്രകാരം ജീവനക്കാരുടെ ആർജിതാവധി 1.6.21 മുതൽഅനുവദിക്കുന്നതിനുള്ള അനുമതി നൽകിയത് കാരണമാണ് ആനുകൂല്യം അനുവദിച്ചത് എന്നും 26.7.21 ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ കൈപ്പറ്റിയ ആനുകൂല്യം തിരിച്ച് അടവാക്കുന്നതിന് നിർദ്ദേശം ഇല്ലാത്തതിനാലുമാണ് തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് എന്നാണ് മറുപടിയിൽ വ്യക്തമാക്കിയത്. 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്. ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല. മേൽ നിർദ്ദേശത്തിന് വിരുദ്ധമായി ആനുകൂല്യം അനുവദിച്ചതിന് വ്യക്തത വരുത്തേണ്ടതാണ്. ലീവ് സറണ്ടർ ചെയ്തത് സംബന്ധിച്ച് സർക്കാറിന്റെ തുടർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-16 ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 1/22 ഐ കെ എം വിഹിതം നൽകൽ |

| | |
|---|---|
| അടങ്കൽ | ₹96928വികസനഫണ്ട്(പൊതു) |
| ചെലവ് | ₹96928 |
| ബിൽ നമ്പർ / തീയതി | 21220452011200101208,3.6.21₹96928 |

സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് ഐ കെ എം ന് വിഹിതം കൈമാറുന്നതിന് വേണ്ടിയാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. മേൽ ബിൽ പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ₹96928 നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/24.11.2022) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

## 1-17 പ്രേരക്-മാർക്ക് നൽകിയ ഓണറേറിയം- സാക്ഷരതമിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല.

വൗച്ചർ നമ്പർ,തീയതി-22100033 ,12.4.2021 ₹ 24480
വൗച്ചർ നമ്പർ,തീയതി-22100292 ,12.7.2021 ₹9000
ഗ്രാമ പഞ്ചായത്തിലെ കൈതേരി തുടർ വിദ്യാകേന്ദ്രത്തിലെ പ്രേരകിന് 2020 ഡിസംബർ, 2021 ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഓണറേറിയം നൽകുന്നതിനാണ് തുക വിനിയോഗിച്ചത്. തദ്ദേശ സ്വയംഭരണ(എഫ് എം) വകുപ്പിന്റെ 26-2-2021 ലെ സ.ഉ(സാധാ)നം626/2021/തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രേരക് മാർക്ക് നൽകുന്ന ഓണറേറിയം, സാക്ഷരത മിഷന് തനത് ഫണ്ട് ലഭിക്കുന്ന മുറക്ക് തിരികെ നൽകണം എന്ന വ്യവസ്ഥയിലാണ് തുക അനുവദിക്കുവാൻ നിർദ്ദേശിച്ചത്. ഇപ്രകാരം നൽകിയ തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ടോ എന്ന വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/29.11.2022) സാക്ഷരതമിഷനിൽ നിന്നും തുക ലഭിച്ചിട്ടില്ലെന്നാണ് അറിയിച്ചത്. തുക തിരികെ ലഭിക്കാൻ വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഫണ്ട് ലഭിക്കുന്ന മുറക്ക് തനത് ഫണ്ടിൽ വരവ് വെക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-18 ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക അനുവദിച്ചത് -വിനിയോഗ വിവരം, പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | ക്രമ നമ്പർ-1 | ക്രമ നമ്പർ-2 |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ, പേര് | 257/22 കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി പൈപ്പ് ലൈൻ സ്ഥാപിക്കൽ. | 144/22 ആമ്പിലാട് കനാൽപ്പാലം നിർമ്മാണം (സ്പിൽ ഓവർ) |
| അടങ്കൽ | 1284356 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>15644 (തനത് ഫണ്ട്) | 8,14,700 (തനത് ഫണ്ട്)<br>11,85,300 (ജില്ലാ പഞ്ചായത്ത്) |
| ആകെ അടങ്കൽ | 1300000 | 20,00,000 |
| ചെലവ് | 1284356 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>15644 (തനത് ഫണ്ട്) | 1,40,464 (തനത് ഫണ്ട്) |

| | | |
|---|---|---|
| ബിൽ നമ്പർ,തീയതി | 316/22, 7.3.22 ₹12,84,356 (ധനകാര്യ കമ്മിഷൻ അവാർഡ്)<br>XY6278462,17.3.22 ₹15,644 (തനത് ഫണ്ട്) | XY6278441,14.2.22 ₹1,40,464 |

ക്രമ നമ്പർ-1 പ്രകാരം കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി 90എം എം വ്യാസമുള്ള 1140 മീ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കലിനു വേണ്ടി മേൽ പരാമർശിച്ച ബില്ലുകൾ പ്രകാരം ആകെ 13,00,000 കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്.

ക്രമ നമ്പർ-2 പ്രകാരം പ്രവൃത്തി നടത്തുന്നതിന് കൂത്തുപറമ്പ് എൽ എസ് ജി ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (അക്കൗണ്ട് നമ്പർ -722041400000196 ) അക്കൗണ്ടിലേക്ക് ₹ 1,40,464 നൽകിയിട്ടുണ്ട്.

മേൽ പ്രോജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം ,എഗ്രിമെന്റ് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/24.11.2022) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടി കേരള വാട്ടർ അതോറിറ്റിയുമായി കരാർ വെച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ(കൈ) നമ്പർ11/2018/തസ്വഭവ, തീയതി-29.01.2018) ഡെപ്പോസിറ്റ് വർക്കുകൾ സംബന്ധിച്ച് ഖ.11 (ഡി) (ii) ൽ തദ്ദേശഭരണ സ്ഥാപനം കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമെ തുക മുൻകൂർ നൽകാവു എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ കരാർ വെക്കാതെ മുൻകൂർ നൽകിയത് വിശദമാക്കേണ്ടതാണ്.

പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ തുക നൽകുന്ന സംഗതികളിൽ കരാർ വെക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്ക് അറ്റകുറ്റപണികളും റിപ്പയറും -ചെലവ് രേഖകൾ ഹാജരാക്കാത്തതും മറ്റു അപാകങ്ങളും ₹67019 (59836+7183) തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ കൊടുത്ത പ്രോജക്ടുകളിലെ അപാകങ്ങൾ
1.തെരുവ് വിളക്ക് റിപ്പയർ - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ , പേര് | 150/22 തെരുവ് വിളക്ക് റിപ്പയർ (സ്പിൽഓവർ) |
| അടങ്കൽ | 315000 (തനത് ഫണ്ട്) |
| ചെലവ് | 314100 |
| ചെക്ക് നമ്പർ,തീയതി | XY6278434, 11.1.22 ₹116473<br>839420, 31.3.22 ₹ 137791<br>59836 – ചെലവ് വൗച്ചർ ഹാജരാക്കിയിട്ടില്ല |

2020-21 സാമ്പത്തിക വർഷം തുടങ്ങിയതും 2021-22 ൽ സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കിയതാണ്. RURBAN മിഷൻ പദ്ധതി പ്രകാരം സ്ഥാപിച്ച 1900 എണ്ണം LED തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള കരാർ കാലാവധി തീരുന്നതിനാൽ പ്രവർത്തനരഹിതമായ തെരുവ് വിളക്കുകൾ മാറ്റി പുതിയ LED ബൾബുകൾ വാങ്ങി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ളതാണ്. സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പദ്ധതിക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ചതു പ്രകാരം 2

ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഡെക്കാൻ അസോസിയേറ്റസ്, മയ്യിൽ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ

1-ടെണ്ടറിൽ എസ്റ്റിമേറ്റ് തുക, വാങ്ങേണ്ട തെരുവ് വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

2. കരാർ കാലാവധി , വാങ്ങേണ്ട തെരുവ് വിളക്കുകളുടെ എണ്ണം , തരം എന്നിവ എഗ്രിമെന്റുകളിൽ പരാമർശിച്ചിട്ടില്ല.

3. 22.11.2020 ലെ എ1/ 2020 നമ്പർ സപ്ലൈ ഓർഡർ പ്രകാരം 1000 ബൾബുകൾ വിതരണം ചെയ്യുന്നതിനു വേണ്ടിയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ Deccan Associates,മയ്യിൽ സമർപ്പിച്ച ബില്ലിൽ( നമ്പർ-120,തീയതി ഇല്ലാത്ത) 553 ബൾബുകൾ സപ്ലൈ ചെയ്തതിന്റെ വിവരം മാത്രമാണ് ഉള്ളത്. സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തി കാണുന്നത്. ബാക്കി എണ്ണം ലഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

4. പ്രോജക്ട് പ്രകാരം വാങ്ങിയ 553 LED ബൾബുകൾ ഏതെല്ലാം വാർഡുകളിലാണ് സ്ഥാപിച്ചത് എന്നതിന്റെ വിവരം ലഭ്യമല്ല.

5. വാർഡടിസ്ഥാനത്തിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം വ്യക്തമാക്കുന്ന സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

6.തെരുവ് വിളക്കുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം തനത് ഫണ്ടിൽ നിന്നും 314100 രൂപയുടെ ചെലവ് കാണുന്നു.എന്നാൽ

₹254264 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ലഭിച്ചിരിക്കുന്നത്. ബാക്കി 59836 രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

8. കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

2.വിഷയം- തെരുവ് വിളക്ക് അറ്റകുറ്റപണികൾ - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജ്കട് നമ്പർ ,പേര് | 153/22 തെരുവ് വിളക്ക് അറ്റകുറ്റപണികൾ (സ്പിൽഓവർ) |
| അടങ്കൽ | 300000 (തനത് ഫണ്ട്) |
| ചെലവ് | 256500 |
| ചെക്ക് നമ്പർ,തീയതി | XY6278489, 27.3.22 ₹138915<br>XY 6278433, 11.1.22 ₹ 110402<br>7183-ചെലവ് വൗച്ചർ ഹാജരാക്കിയിട്ടില്ല. |

2020-21 സാമ്പത്തിക വർഷം തുടങ്ങിയതും 2021-22 ൽ സ്പിൽ ഓവർ ആയി നടപ്പാക്കിയ പ്രോജക്ടാണ് ഇത്. RURBAN മിഷൻ പദ്ധതി പ്രകാരം സ്ഥാപിച്ച 1900 എണ്ണം LED തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള കരാർ കാലാവധി തീരുന്നതിനാൽ പ്രവർത്തനരഹിതമായ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനു വേണ്ടിയുള്ളതാണ്.

തെരുവ് വിളക്ക് അറ്റകുറ്റപണികൾ എന്ന പദ്ധതിക്കായി ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഡെക്കാൻ അസോസിയേറ്റസ് ,മയ്യിൽ എന്ന സ്ഥാപനവുമായി തെരുവ് വിളക്ക് മെയിന്റനൻസിനായി കരാറിലേർപ്പെടുകയും ആയതുപ്രകാരം മേൽ പട്ടികയിൽ കൊടുത്ത പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെപറയുന്ന അപാകതകളുണ്ട്.

1. ടെണ്ടറിൽ എസ്റ്റിമേറ്റ് തുക, റിപ്പയർ ചെയ്യേണ്ട തെരുവ് വിളക്കുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2. കരാർ കാലാവധി, റിപ്പയർ ചെയ്യേണ്ട തെരുവ് വിളക്കുകളുടെ എണ്ണം, നിരക്ക് എന്നിവ എഗ്രിമെന്റിൽ പരാമർശിച്ചിട്ടില്ല.

3. തെരുവ് വിളക്കുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരം (പോസ്റ്റ് നം ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരനും പഞ്ചായത്ത് ഓഫീസിലും സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും പ്രസ്തുത നടപടികളൊന്നും പഞ്ചായത്തിൽ പാലിക്കുന്നില്ല.

4. തെരുവുവിളക്കുകളിൽ ഏത് തരത്തിലുള്ള മെയിന്റനൻസ് ആണ് നടത്തിയതെന്നോ ഏതൊക്കെ പാർട്സുകൾ/ വിളക്കുകളാണ് മാറ്റിയിട്ടതെന്നോ ഉള്ള വിവരം ലഭ്യമല്ല. അറ്റകുറ്റ പണികൾ നടത്തിയിട്ടുണ്ടെന്ന് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമല്ല.

5. വിളക്കുകൾ റിപ്പയർ ചെയ്തതായി കെ എസ് ഇ ബി യുടെ ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം നൽകിയിട്ടില്ല.

6. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കേടായ സാധനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്.എന്നാൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

7. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം തനത് ഫണ്ടിൽ നിന്നും 256500 രൂപയുടെ ചെലവ് കാണുന്നു.എന്നാൽ

₹249317 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ലഭിച്ചത്. ബാക്കി 7183 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/29.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ-1 പ്രകാരം 59836 രൂപയുടെ ചെലവ് രേഖകളും, ക്രമ നമ്പർ-2 പ്രകാരം7183 രൂപയുടെ ചെലവ് രേഖകളും ഉൾപ്പെടെ ആകെ ₹67019 യുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ ആഭാവത്തിൽ ₹67019 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കി അടവാക്കേണ്ടതാണ്.

## 1-20 വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| വൗച്ചർ നം, തീയതി/ തുക | വിശദാംശങ്ങൾ |
|---|---|
| 22100136/17.5.21<br>₹51045 | ആമ്പിലാട് - നരിക്കടം പാലം റോഡ് വികസനവുമായി ബന്ധപ്പെട്ട് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് KSEB, കൂത്തുപറമ്പിന് നൽകിയത്. |
| 22100137/17.5.21<br>₹42168 | അരയരപ്പാലം - കോയിലോട് റോഡരികിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് KSEB, വേങ്ങാട് സെക്ഷന് നൽകിയത് |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/24.11.22) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ കെ എസ് ഇ ബിക്ക് അറിയിപ്പ് നൽകിയതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 തേനീച്ച വളർത്തലിൽ കർഷകർക്ക് പരിശീലനം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല -₹ 2,40,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് &നം | തേൻ ഗ്രാമം - 20/22 |
| അടങ്കൽ | 1,44,000(വികസന ഫണ്ട് -പൊതു വിഭാഗം -സാധാരണ വിഹിതം )<br>96,000(ഗുണഭോക്തൃ വിഹിതം )<br>----------------- |

| | |
|---|---|
| | 2,40,000 |
| ചെലവ് | 1,44,000<br>96,000<br>------------<br>2,40,000 |
| ബിൽ നം &തീയതി | 21220452008901325398dt 15.3.22 - ₹ 1,44,000<br>വൗച്ചർനം 22101296 Dt 26.3.22 - ₹ 96,000 |

തേനീച്ച വളർത്തൽ എന്ന പ്രോജക്ട് പ്രകാരം ഒരാൾക്ക് 2 വീതം തേനീച്ചക്കൂടും കോളനിയും ആകെ 200 എണ്ണം ₹1200 60% സബ്സിഡി നിരക്കിൽ വിതരണം നൽകുന്നതിന് വിഭാവനം ചെയ്തതാണ്. കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട് ഡവലപ്പ്മെന്റ് കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 200 തേനീച്ചകൂട് വാങ്ങിയ വകയിൽ മേൽ തുക നൽകിയിട്ടുണ്ട് .

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ പറയുന്നു

1.തേനീച്ച വളർത്തലിന് ഗുണഭോക്താവിന് പരിശീലനം നൽകണം എന്ന് സർക്കാർ ഉത്തരവ് 22 */201* 8 ത സ്വ ഭവ തീയതി 14.2.2018 മാർഗ്ഗരേഖ -6-1-29ൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ മേൽപദ്ധതിയുടെ 100 ഗുണഭോക്താക്കൾക്ക് തേനീച്ച വളർത്തലിൽ പരിശീലനം നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. തേനീച്ചക്കൂട് ലഭിച്ച ഗുണഭോക്താക്കൾ തേനീച്ച കൃഷിയിൽ മുൻപരിചയം ഉള്ള കർഷകരാണോ എന്നും , തേനീച്ചകൃഷി വിജയകരമായി നടത്തിയിട്ടുണ്ടോ എന്നും കൃഷി ഓഫീസർ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല.

ഗുണഭോക്താക്കൾ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പരിശീലന പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്, കൃഷി ഓഫീസർ കൃഷിയിടം സന്ദർശിച്ച് തേനീച്ചകൃഷി ചെയ്യുന്നതായി ബോധ്യപ്പെട്ടിട്ടുമുണ്ട് എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (15/28.11.2022) മറുപടി നൽകിയത്. എന്നാൽ ഇവയുടെ നിജസ്ഥിതി വ്യക്തമാക്കുന്നതിനാവശ്യമായ യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. അതിനാൽ ഈ പദ്ധതിയ്ക്ക് ചെലവാക്കിയ ₹ 2,40,000 തടസ്സപ്പെടുത്തുന്നു. ആയവ ഹാജരാക്കേണ്ടതും, 100 ഗുണഭോക്താക്കളിൽ എത്രപേർ സജീവമായി തേനീച്ചകൃഷി നടത്തുന്നുണ്ട് എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്

## 1-22 പശു വളർത്തൽ- ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടില്ല.₹30000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 46/22 |
| അടങ്കൽ | 390000 (വികസന ഫണ്ട്)<br>390000 (ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവാക്കേണ്ടത് |
| ആകെ അടങ്കൽ | 780000 |
| ചെലവ് | 390000<br>(വികസന ഫണ്ട്)<br>390000 (ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവാക്കേണ്ടത് |
| ആകെ ചെലവ് | 780000 |

ബിൽ നമ്പർ/തീയതി

1) 21220452009301123787/15.02.2022 – ₹120000
2) 21220452009300841154/25.12.2021 – ₹120000
3) 21220452009301083334/08.02.2022 – ₹150000
4) ഗുണഭോക്തൃ വിഹിതം നമ്പർ ലഭ്യമല്ല /15.2.2022 – ₹ 120000
5)ഗുണഭോക്തൃ വിഹിതം നമ്പർ ലഭ്യമല്ല/25.12.2021 – ₹ 120000
6) ഗുണഭോക്തൃ വിഹിതം നമ്പർ ലഭ്യമല്ല/08.02.2022 – ₹150000

ഗ്രാമ പഞ്ചായത്തിലെ 13 ഗുണഭോക്താക്കൾക്ക് കറവപ്പശുക്കളെ പർച്ചേസ് കമ്മറ്റിയുടെ മേൽ നോട്ടത്തിൽ വാങ്ങി നൽകുകയും സബ്സിഡി തുക വിൽപ്പനക്കാരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറുകയും ചെയ്യുന്നതാണ് പ്രോജക്ട്. 60000 രൂപ വിലയുള്ള 13 ഉരുക്കളെയാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. സബ്സിഡി തുക 30000 രൂപ (50% *60000) വിലച്ചീട്ടിന്റെ അടിസ്ഥാനത്തിൽ കറവപ്പശുക്കളെ വിറ്റ ആളുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.പ്രോജക്ട് പ്രകാരം സബ്സിഡി കൈപ്പറ്റിയ ഫാത്തിമ എന്ന ഗുണഭോക്താവ് ഇൻഷ്വറൻസ് പരിരക്ഷ എടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2.ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന കരാർ വെച്ചിട്ടില്ല. ,

3. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ഗുണഭോക്താവിൽ നിന്നും തുക തിരികെ അടവാക്കുന്നതിനും നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനും 9-6-2022 ലെ 183/2022 (1) നമ്പർ പ്രകാരം ഭരണസമിതി തീരുമാനം എടുത്തിരുന്നു. പ്രസ്തുത തീരുമാനത്തിൻ മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/29-11-2022) വാർഡ് മെമ്പറുടെ നിർദ്ദേശാനുസരണം പ്രകാരം ഗുണഭോക്താവ് പശുവിനെ ഇൻഷൂർ ചെയ്യാനും കരാർ ഒപ്പിടാനും ഗുണഭോക്താവ് സമ്മതിച്ചതായി അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക ₹ 30000 തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ആട് വളർത്തൽ പദ്ധതി -രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 30000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ,പേര് | 53/22 ആട് വളർത്തൽ പദ്ധതി |
| അടങ്കൽ | ₹132914 വികസനഫണ്ട് (പൊതു വിഭാഗം)<br>₹67086 (തനത്ഫണ്ട്)<br>₹200000 (ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവാക്കേണ്ടത്) |
| ആകെ അടങ്കൽ | 400000 |
| ചെലവ് | ₹132914 വികസനഫണ്ട് (പൊതു വിഭാഗം)<br>₹67086 (തനത്ഫണ്ട്)<br>₹200000 (ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവാക്കേണ്ടത്) |
| ആകെ | 400000 |

| | |
|---|---|
| ചെലവ് | |
| ബിൽ നം/തുക | 21220452009301137301/16.2.21 ₹,132,914<br>Xy6278445,19.2.22 ₹67086<br>Xy6278446,19.2.22 ₹2,00,000 |

ഗ്രാമ പഞ്ചായത്തിലെ 20 ഗുണഭോക്താക്കൾക്ക് 2 പെണ്ണാടുകളെ വീതം ലഭ്യമാക്കാനാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ടിന്റെ ഭാഗമായി 20 ഗുണഭോക്താക്കൾക്ക് വേണ്ടി 10000 രൂപ വിലവരുന്ന 40 ആടുകളെ പർച്ചേസ് കമ്മറ്റിയുടെ മേൽ നോട്ടത്തിൽ ലിസ്സി ജോൺ എന്ന വ്യക്തിയുടെ ആട് ഫാമിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ₹10000 സ്ഥാപനത്തിൽ അടവാക്കേണ്ടതാണ്.

പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മേക്കിലേരി ദേവി, അജിഷ.വി, രോഹിണി എന്നീ ഗുണഭോക്താക്കൾ മാർഗ്ഗരേഖ പ്രകാരമുള്ള ഇൻഷ്വറൻസ് പരിരക്ഷ എടുത്തതിന്റെ രേഖകൾ ലഭ്യമല്ല.

2.ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന കരാർ വെച്ചിട്ടില്ല.

3. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ 3 ഗുണഭോക്താളിൽ നിന്നും തുക തിരികെ അടവാക്കുന്നതിന് നിയമപരമായ നടപടി സ്വീകരിക്കുന്നതിനു 9-6-2022 ലെ 183/2022 (1) നമ്പർ പ്രകാരം ഭരണസമിതി തീരുമാനം എടുത്തിരുന്നു. പ്രസ്തുത തീരുമാനത്തിൻ മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4.പ്രോജക്ട് പ്രകാരം ₹10000 രൂപയാണ് ഗുണഭോക്തൃ വിഹിതം അടവാക്കേണ്ടത്. എന്നാൽ മേക്കിലേരി ദേവി , ഫസീല.എം.പി , നസീമ.എം.കെ എന്നീ ഗുണഭോക്താക്കളിൽ നിന്നും 14000 രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്. വ്യത്യസ്ഥ നിരക്കിൽ പിരിച്ചെടുത്തതിന്റെ കാരണം വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/29-11-2022) രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 3 ഗുണഭോക്താക്കൾക്കും രജിസ്റ്റർഡ് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ചെലവ് ₹30000 തടസ്സപ്പെടുത്തുന്നു. 3 ഗുണഭോക്താക്കളിൽ നിന്നും 4000 രൂപ വീതം ഗുണഭോക്തൃ വിഹിതം അധികം പിരിച്ചെടുത്തത് തിരികെ നൽകിയതായി അറിയിച്ചിട്ടുണ്ടെങ്കിലും ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്. എഗ്രിമെന്റ് എന്നിവ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 ആട് വളർത്തൽ മിനി ഫാം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹25,000 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 190/22, ആട് വളർത്തൽ മിനി ഫാം(സ്പിൽ ഓവർ) |
| അടങ്കൽ | 75000 ( വികസന ഫണ്ട്) |
| ചെലവ് | 75000 |
| ബിൽ നമ്പർ,തീയതി | 21220452009300275091,6.8.21 |

2021-22 ൽ സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കിയതാണ്. ആടുകളെ വിതരണം നടത്തി ആട് ഫാം സ്ഥാപിച്ച് മാംസോൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 5000 രൂപ വിലയുള്ള 5 പെൺ ആടുകളെയും ഒരു മുട്ടനാടിനെയും വാങ്ങണമെന്നും ആടിന് തൊഴുത്ത്, ഭക്ഷണം, മരുന്ന് ,ആടിനെ ഇൻഷ്വർ ചെയ്യുന്നതിനുള്ള ചെലവ് എന്നിവ ഗുണഭോക്താക്കൾ വഹിക്കേണ്ടതാണെന്നും അപ്രകാരം മൊത്തം ചെലവ് 50000 രൂപ കണക്കാക്കി 50% സബ്സിഡി അനുവദിക്കുന്നതിനാണ് പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളത്. ആയത് പ്രകാരം തിരഞ്ഞെടുക്കപ്പെട്ട നാല് ഗുണഭോക്താക്കളിൽ ഒരാൾക്ക് 2020-21 ലും ബാക്കി 3 പേർക്ക് @ 25000 രൂപ പ്രകാരം 2021-22 സാമ്പത്തിക വർഷം സബ്സിഡി നൽകിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018, തുടർന്നുള്ള അനുബന്ധ ഉത്തരവുകൾ എന്നിവ പ്രകാരം ഇപ്രകാരം സബ്സിഡി അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കാണുന്നില്ല. ഏത് മാർഗ

രേഖ പ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി-20/29.11.2022) മൃഗസംരക്ഷണ വകുപ്പിന്റെ നൂതന പ്രോജക്ടായ ഗോട്ട് സാറ്റലൈറ്റ് പദ്ധതിയുടെ കോപ്പിയാണെന്നും ,പ്രസ്തുത പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചും സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് കൈമാറുന്ന രീതിയാണ് അവലംബിച്ചതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉരുക്കളെ വിറ്റ വ്യക്തികൾക്ക് തുക കൈമാറിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. സ.ഉ(എം. എസ്)22/2018 /തസ്വഭവ തീയതി-14.2.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്.

മേൽ പറഞ്ഞ പ്രോജക്ടുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥല പരിശോധനയിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവായ ശ്രീ. മോഹനൻ ആടുകളെ വിറ്റതായി കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം ഉരുക്കളെ വിറ്റത്, ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന കരാറിന്റെ ലംഘനമാണ്. ഉരുക്കളെ വിറ്റതിന്റെ കാരണം വിശദമാക്കേണ്ടതാണ്. പ്രസ്തുത ഗുണഭോക്താവിന് അനുവദിച്ച ധനസഹായം തിരികെ ഈടാക്കുന്നതിനു വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മേൽ പരാമർശിച്ച അപാകതകൾ കാരണം ചെലവ് തുക ₹25000 നിരാകരിക്കുന്നു.



## 1-25 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 47/22 കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹468750 (വികസന ഫണ്ട്)<br>₹468750 (സംസ്ഥാന വിഹിതം)<br>₹ 937500(ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കൽ) |
| ആകെ അടങ്കൽ | 1875000 |
| ചെലവ് | ₹468750 (വികസന ഫണ്ട്)<br>₹468750 (സംസ്ഥാന വിഹിതം) |

| | |
|---|---|
| | ₹ 937500(ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കൽ) |
| ബിൽ നമ്പർ,തീയതി | 21220452009300841150,22.12.21 |

4-6 മാസം പ്രായമുള്ള 75 കന്നുകുട്ടികൾക്ക് സബ്സിഡി തുക തീരുന്നതുവരെ ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. ഒരു ഗുണഭോക്താവിന് ₹6,250 പഞ്ചായത്ത് വിഹിതം നൽകുന്നു.

മേൽ ബിൽ പ്രകാരം മാറിയ ₹468750എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം, പദ്ധതി കാലയളവിനുള്ളിൽ വിട്ട് നിന്നതും മരണമടയുകയും ചെയ്ത കന്നുകുട്ടികളുടെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/29.11.2022) 6 ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ട് നിന്നിട്ടുണ്ടെന്നും പദ്ധതി പൂർത്തിയാകുന്ന മുറക്ക് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതായും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-26 ശുചിത്വ മിഷൻ ഫണ്ട്- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല ₹20000 തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ- 22100121,12.5.21 ₹1,90,000
മഴക്കാലപൂർവ്വ ശുചീകരണം എന്ന പേരിൽ പകർച്ചവ്യാധി പ്രതിരോധയജ്ഞം അടിയന്തിരപ്രാധാന്യത്തോടെ സംഘടിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെ ആരോഗ്യപോഷണ ശുചിത്വസമിതികൾക്ക് ശുചിത്വ മിഷൻ വിഹിതം 10000 രൂപ വീതം ആകെ ₹190000 പി എച്ച് സി മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ 8,9 നമ്പർ വാർഡുകൾ ഒഴികെ ബാക്കിയുള്ള വാർഡുകൾ തുക വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കാത്ത രണ്ട് വാർഡുകളുടെ തുക ₹20000 (10000*2) തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-27 സ്വാന്തന പരിചരണം ₹2,75,198 മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി |
| പ്രോജക്ട് നമ്പർ/പേര് | S0006/22, സ്വാന്തന പരിചരണം |
| അടങ്കൽ | ₹10,45,478 (വികസന ഫണ്ട് - ₹7,45,547, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – ₹2,00,000<br>ജില്ലാ പഞ്ചായത്ത് വിഹിതം – ₹99,931 |
| ചെലവ് | ₹8,84,220 (വികസന ഫണ്ട് - ₹7,45,547 ബ്ലോക്ക് പഞ്ചായത്ത് വിഹിതം – ₹1,38,673) |

സ്വാന്തന പരിചരണം പദ്ധതിയിൽ രജിസ്റ്റർ ചെയ്ത രോഗികൾക്ക് അവരുടെ വീട്ടിൽ ചെന്ന് ആവശ്യമായ പരിചരണം,സഹായ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സ്വാന്തന പരിചരണം പ്രൊജക്ട് വഴി മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങിക്കുന്നതിനായി വൗച്ചർ നം.22100537/15.09.2021 പ്രകാരം ₹41477, വൗച്ചർ നം.22100752/22.11.21 പ്രകാരം ₹155038, വൗച്ചർ നം.22100754/23.11.2021 പ്രകാരം ₹78683 (₹41477+₹155038+₹78683 = ₹275198) കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചതിന്റെ രേഖകൾ/രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/29.11,2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-28 പാലിയേറ്റീവ് മാനേജ്മെൻറ് കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗരേഖ , 07-03-2019 ലെ സ.ഉ(സാധാ) നം.553/2019 നമ്പർ ഉത്തരവിലെ ഖ.2.9.1 എന്നിവ പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പി.എം.സി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് മാസത്തിലൊരിക്കലോ, ആവശ്യാനുസരണമോ പി.എം.സി യോഗം ചേരേണ്ടതാണെന്നും

പാലിയേറ്റീവ് പ്രവർത്തനം വിലയിരുത്തേണ്ടതും പരിഹാര നടപടികൾക്കുള്ള തീരുമാനമെടുക്കേണ്ടതുമാണെന്ന് ഉത്തരവിൽ പറയുന്നുണ്ട്. ഓരോ മാസത്തെയും റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി.എം.സി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ പി.എം.സി രൂപികരിച്ചതിന്റെ രേഖകളോ യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തിയ മിനുട്സോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/30.11.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ, 7.3.2019-ലെ സ.ഉ.(സാധാ) നം. 553/2019 നമ്പർ ഉത്തരവിലെ ഖണ്ഡിക 2-9.1 എന്നിവ പ്രകാരം പാലിയേറ്റീവ് പ്രോജക്ടുകളുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി പി.എം.സി. രൂപീകരിച്ച് അനുബന്ധ നടപടിക്രമങ്ങളുടെ വിശദാംശം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-29 സമഗ്ര ആരോഗ്യ പരിപാടി പദ്ധതി നടത്തിപ്പിലെ അപാകത -₹58810 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ/പേര് | S0007/22 , സമഗ്ര ആരോഗ്യ പരിപാടി |
| അടങ്കൽ | ₹94,182 (വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ് | ₹94,182 (വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം) |

രോഗ പ്രതിരോധ പ്രവർത്തനങ്ങളും മറ്റ് പൊതുജനാരോഗ്യ പരിപാടികളും സുഗമമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ മെഡിക്കൽ ഓഫീസർ പി എച്ച് സി (ആകെ ചെലവ് 94182) നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പ്രദീപൻ.പി (₹23676), ധനഞ്ജയൻ(₹30134), വിനീഷ്.എം(₹5000) എന്നിവർക്ക് വാഹന വാടകയിനത്തിൽ ആകെ ₹58810 (വൗച്ചർ നം.22101174/11.02.2022,22101193/24.02.2022,22101397/26.03.2022 എന്നിവ പ്രകാരം) അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലേക്കായി മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്ന് വാഹനം വാടകയ്ക്ക് എടുക്കുന്നതുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ നടപടിക്രമങ്ങൾ സ്വീകരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനെത്തുടർന്ന് പ്രസ്തുത രേഖകൾ ഹാജരാക്കുവാൻ സമർപ്പിച്ച ഓഡിറ്റ് എൻക്വയറിക്ക് (32/30.11.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്ക്കരിച്ച മാർഗരേഖ ഉത്തരവ് (സ.ഉ(സാധാ)നം.553/2019 തീയ്യതി 07.03.2019) ഖണ്ഡിക 2.8.3 പ്രകാരം പാലിയേറ്റീവ് രോഗികളുടെ പരിചരണത്തിനായുള്ള ഹോം കെയർ ടീമിന് രോഗികളുടെ വീടുകളിൽ എത്തി പരിചരണം നൽകുവാനുള്ള വാഹനം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയോ ആരോഗ്യ സ്ഥാപനത്തിന്റെയോ പക്കൽ ഇല്ലാത്ത പക്ഷം പ്രസ്തുത പാലിയേറ്റിവ് പരിചരണ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സ്റ്റോർ പർച്ചേസ് മാനദണ്ഡപ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ പ്രതിദിന/പ്രതിമാസ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനത്തെ തിരഞ്ഞെടുക്കേണ്ടതും ആയതിന് പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. സമഗ്ര ആരോഗ്യ പരിപാടി (പ്രോജക്ട് നം. S0007/22)-യുമായി ബന്ധപ്പെട്ട് വാഹനം വാടകയ്ക്ക് എടുത്തതിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗരേഖയ്ക്ക് വിരുദ്ധമായി വാഹന വാടക ഇനത്തിൽ ചെലവഴിച്ച ₹58810 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 തുല്യത കോഴ്സ് - തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |
| പ്രോജക്ട് &നം | എസ് എസ് എൽ സി ,പ്ലസ് വൺ തുല്യത കോഴ്സ ഫീസ് -68/22 |
| അടങ്കൽ | 48,700(വികസന ഫണ്ട് പൊതു വിഭാഗം -സാധാരണ വിഹിതം )<br>3950 (തനത് ഫണ്ട് ) |
| ചെലവ് | 48,700(വികസന ഫണ്ട് പൊതു വിഭാഗം -സാധാരണ വിഹിതം ) |

| | |
|---|---|
| ബിൽ നം &തീയതി | 409/21.3.22 -₹ 39,500<br>450/26.3.22 - ₹ 9200 |

പത്താം തരം, പ്ലസ് വൺ, തുല്യത കോഴ്സ് ഫീ, രജിസ്ട്രേഷൻ ഫീ, അഡ്മിഷൻ ഫീ എന്നിവയ്ക്കായി 48,700 ചെലവഴിച്ചിട്ടുണ്ട്. പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും, പരീക്ഷ നടത്തിപ്പിന്റെയും, സർട്ടിഫിക്കറ്റുകൾ ലഭിച്ചതിന്റെയും, പഠിതാക്കളെ ഗ്രാമ സഭ അംഗീകരിച്ചതിന്റെയും വിവരങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/29.11.2022) കോഴ്സ് നടന്നു കൊണ്ടിരിക്കയാണ് എന്നും പൂർത്തീയാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

| | | |
|---|---|---|
| പത്താം തരം | 14 പഠിതാക്കൾ | @1750 |
| പ്ലസ് വൺ | 10പഠിതാക്കൾ | @2200 |

## 1-31 ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം ₹190039 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |
| പ്രോജക്ട് &നം | ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം -74/22 |
| അടങ്കൽ | 1,90,039 |
| ചെലവ് | 1,90,039 |
| ബിൽ നം &തീയതി | 278/1.2.2022 |

ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം പദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ ടെണ്ടർ നൽകിയ ക്യൂട്ടി സ്പോർട്ട്സ്, കുത്തുപറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്.ഉപകരണങ്ങൾ 38 ക്ലബുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ പറയുന്നു

1- കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങൾ യുവജന ക്ഷേമ സമിതി നിശ്ചയിക്കണമെന്നും, ഓരോ ക്ലബുകളും അവരുടെ ആവശ്യത്തിനും സാധ്യതയ്ക്കും അനുസരിച്ചുള്ള സ്പോർട്ട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അപേക്ഷയോടൊപ്പം വാങ്ങണമെന്നും, ഇവ ക്രോഡീകരിച്ച് ഭരണസമിതി അംഗീകരിക്കണമെന്നും സബ്സിഡി മാർഗരേഖ 22/2018 /ത സ്വ ഭവ തീയതി 14.2.2018 ഖ-7.6.13ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം സ്പോർട്ട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

2--ടെണ്ടർ ഷെഡ്യൂളിനോടൊപ്പം കരാറുകാർക്ക് നൽകുന്ന,ലഭ്യമാക്കേണ്ട സ്പോർട്ട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

3-രജിസ്ട്രേഷൻ നമ്പർ ഇല്ലാത്ത ക്ലബുകൾക്കും ഉപകരണങ്ങൾ നൽകിയതായി കാണുന്നു.

ഉദാ-1)ഇ എം എസ് സാംസ്കാരിക നിലയം ,രാമ പുരം

2)ചെഗുവേര ആർട്ട്സ് &സ്പോർട്ട്സ് ക്ലബ്,മാങ്ങാട്ടിടം

മേൽ പറഞ്ഞ കാരണങ്ങളാൽ ചെലവഴിച്ച തുക 190039 തടസ്സപ്പെടുത്തുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/29.11.2022,31/30.11.2022)മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-32 ചാത്തൻകുളം ചുറ്റുമതിൽ നിർമാണം- നിയമാനുസൃത റിക്കവറികൾ നടത്തിയിട്ടില്ല -

| | |
|---|---|
| പ്രൊജക്ട് & പ്രൊജക്ട് നമ്പർ | ചാത്തൻകുളം ചുറ്റുമതിൽ നിർമാണം, 170/ 21-22 |
| അടങ്കൽ | 456640/- ( തനതു ഫണ്ട് ), തൻ വർഷം |
| ചെലവ് | 347760/- തൻ വർഷം |

| | |
|---|---|
| ബിൽ നമ്പർ | 1597692/ 25/3/22 |
| എഗ്രിമെന്റ് നമ്പർ | AE/LSGD/ MGP/49/19-20/ 24/2/20 |
| എം ബുക്ക് നമ്പർ | 49/19-20 |
| കരാറുകാരൻ | സുരേന്ദ്ര ബാബു വി |

സ്പിൽ ഓവർ പ്രൊജക്ട് ആയി പ്രവൃത്തി പൂർത്തിയാക്കിയ പ്രസ്തുത പ്രവൃത്തിയുടെ ആദ്യ ബിൽ നൽകിയത് ബിൽ നമ്പർ 308/25/3/20 പ്രകാരമാണ്. പ്രസ്തുത ബില്ലിൽ നിന്നും നിയമാനുസൃത നികുതികൾ, റീടെൻഷൻ എന്നിവ ഈടാക്കിയതായി കാണുന്നില്ല. പ്രവൃത്തിയുടെ അന്തിമ ബിൽ പ്രകാരം ആകെ പ്രവൃത്തി മൂല്യം 690624/- ആണ് . ഇത് പ്രകാരം ഈടാക്കേണ്ട നിയമാനുസൃത നികുതിയുടെ വിവരം താഴെ കൊടുക്കുന്നു

| നികുതി ഇനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | ഈടാക്കാൻ ബാക്കി |
|---|---|---|---|
| I T | 6906/- | 4485/- | 2421/- |
| CGST | 6906/- | 4485/- | 2421/- |
| SGST | 6906/- | 4485/- | 2421/- |
| KCWWF | 6906/- | 4485/- | 2421/- |
| | | | 9684/- |

നികുതി ഇനത്തിൽ അടവാക്കാൻ ബാക്കി ഉള്ള തുക 9684/- ഈടാക്കേണ്ടതാണ്

## 1-33 കൃഷി ഓഫീസർ പദ്ധതി അവലോകനം

സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായുള്ള 11 പദ്ധതികളിൽ 10 പദ്ധതികളാണ് നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതികൾ അവലോകനം ചെയ്തു മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കേയിണ്ടിരുന്നത് കൃഷിയും അനുബന്ധ മേഖലകളും എന്ന വർക്കിംഗ് ഗ്രൂപ്പാണ്. മേൽപ്പറഞ്ഞ 10 പദ്ധതികളിലും ഇത്തരത്തിൽ ഒരു മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിലും പദ്ധതികളിൽ എല്ലാത്തിന്റെയും വിജയം ഉറപ്പാക്കിയതായി കാണുന്നില്ല. ഉദാഹരണമായി പദ്ധതി നമ്പർ 51 /22 കുരുമുളക് കൃഷി വ്യാപനം (അടങ്കൽ 264400), പദ്ധതി നമ്പർ 26/22 കവുങ്ങ് കൃഷി വ്യാപനം (അടങ്കൽ 441000) എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ മേൽ കൃഷികൾ പരിപാലിക്കുന്നതിൽ പല ഗുണഭോക്താക്കളും വേണ്ടത്ര ശ്രദ്ധ പുലർത്തിയതായി കാണുന്നില്ല.
പദ്ധതിയുടെ കൃത്യമായ അവലോകനത്തിലും വിജയം ഉറപ്പാക്കുന്നതിലും കൂടി മാത്രമേ പദ്ധതിയുടെ ജയപരാജയങ്ങൾ വിലയിരുത്താൻ സാധിക്കുകയുള്ളൂ. പദ്ധതിയുടെ കൃത്യമായ അവലോകനം നടത്താത്തത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഒരു പദ്ധതിയുടെ പൂർണ വിജയം എന്നത് ആ പദ്ധതിയിൽ നിന്നും വികസനോന്മുഖമായ എന്ത് മാറ്റങ്ങൾ സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ ഉണ്ടായി എന്നുള്ളതാണ്.പദ്ധതികളും അവയുടെ വികസന നേട്ടങ്ങളും വിശകലനം ചെയ്താൽ മാത്രമേ പിന്നീട് വിഭാവനം ചെയ്യുന്ന പദ്ധതികളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നും ഏതു രീതിയിലാണ് പദ്ധതി നടപ്പിലാക്കണമെന്നും തിരിച്ചറിയാനും ആ രീതിയിൽ പദ്ധതി നടപ്പിലാക്കാനും സാധിക്കുകയുള്ളൂ.ആയതിനാൽ ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ കൃത്യമായി വിശകലനം ചെയ്യുകയും പദ്ധതികളുടെ സമ്പൂർണ്ണ വിജയം ഉറപ്പാക്കുകയും പദ്ധതികൊണ്ട് സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടായി എന്ന് കൃത്യമായി വിശകലനം ചെയ്യുകയും ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ആട് വളർത്തൽ മിനി ഫാം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹25,000 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 190/22 ആട് വളർത്തൽ മിനി ഫാം(സ്പിൽ ഓവർ) |
| അടങ്കൽ | 75000 ( വികസന ഫണ്ട്) |
| ചെലവ് | 75000 |
| ബിൽ നമ്പർ,തീയതി | 21220452009300275091,6.8.21 |

2021-22 ൽ സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കിയതാണ്. ആടുകളെ വിതരണം നടത്തി ആട് ഫാം സ്ഥാപിച്ച് മാംസോൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 5000 രൂപ വിലയുള്ള 5 പെൺ ആടുകളെയും ഒരു മുട്ടനാടിനെയും വാങ്ങണമെന്നും ആടിന് തൊഴുത്ത്,ഭക്ഷണം, മരുന്ന് ,ആടിനെ ഇൻഷുർ ചെയ്യുന്നതിനുള്ള ചെലവ് എന്നിവ ഗുണഭോക്താക്കൾ വഹിക്കേണ്ടതാണെന്നും അപ്രകാരം മൊത്തം ചെലവ് 50000 രൂപ കണക്കാക്കി 50% സബ്സിഡി അനുവദിക്കുന്നതിനാണ് പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളത്. ആയത് പ്രകാരം തിരഞ്ഞെടുക്കപ്പെട്ട നാല് ഗുണഭോക്താക്കളിൽ ഒരാൾക്ക് 2020-21 ലും ബാക്കി 3 പേർക്ക് @ 25000 രൂപ പ്രകാരം 2021-22 സാമ്പത്തിക വർഷം സബ്സിഡി നൽകിയിട്ടുണ്ട് .പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 ,തുടർന്നുള്ള അനുബന്ധ ഉത്തരവുകൾ എന്നിവ പ്രകാരം ഇപ്രകാരം സബ്സിഡി അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കാണുന്നില്ല.ഏത് മാർഗ രേഖ പ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി-20/29.11.2022) മൃഗസംരക്ഷണ വകുപ്പിന്റെ നൂതന പ്രോജക്ടായ ഗോട്ട് സാറ്റലൈറ്റ് പദ്ധതിയുടെ കോപ്പിയാണെന്നും ,പ്രസ്തുത പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചും സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് കൈമാറുന്ന രീതിയാണ് അവലംബിച്ചതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.ഉരുക്കളെ വിറ്റ വ്യക്തികൾക്ക് തുക കൈമാറിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. സ.ഉ(എം. എസ്)22/2018 /തസ്വഭവ തീയതി-14.2.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്.

മേൽ പറഞ്ഞ പ്രോജക്ടുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥല പരിശോധനയിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവായ ശ്രീ. മോഹനൻ ആടുകളെ വിറ്റതായി കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം ഉരുക്കളെ വിറ്റത്, ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന കരാറിന്റെ ലംഘനമാണ് . ഉരുക്കളെ വിറ്റതിന്റെ കാരണം വിശദമാക്കേണ്ടതാണ്. പ്രസ്തുത ഗുണഭോക്താവിന് അനുവദിച്ച ധനസഹായം തിരികെ ഈടാക്കുന്നതിനു വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മേൽ പരാമർശിച്ച അപാകതകൾ കാരണം ചെലവ് തുക 25000 നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 21.11.2022, 22.11.2022 | കെ.എസ്.എ/കെ.എൻ.ആർ /സി.8/1694/2022 തീയതിഃ 02.03.2023 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ചതുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഏടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 1,70,000 | പച്ചക്കറി കൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി-11/22 | 1,70,000 | |
| | 2,55,000 | നെൽകൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി-9/22 | 2,55,000 | |
| | 1,38,673 | സാന്ത്വന പരിചരണം -6/22 | 1,38,673 | |
| | 11,00,000 | ലൈഫ് ഭവന നിർമ്മാണം(എസ് സി)-164/22 | 11,00,000 | |
| | 3,25,300 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-210/22 | 3,25,300 | |
| | 4,55,200 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-22/22 | 4,55,200 | |
| | 8,22,806 | പാലിന് സബ്സിഡി-49/22 | 8,22,806 | |
| | | പാലിന് സബ്സിഡി-214/22 | *2,32,708 | |
| | 4,29,799 | ശിശുമിത്ര ബഡ്സ് സ്കൂൾ സമഗ്ര പരിപാടി-59/22 | 4,29,799 | |
| ആകെ | 36,98,778 | | 39,29,486 | 703515** |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 187800 | കരനെൽകൃഷി വ്യാപനം-12/22 | 187800 | |
| | 2,50,000 | പച്ചക്കറി കൃഷി വ്യാപനം-9/22 | 2,50,000 | |
| | 76,239 | വീട്ടുവളപ്പിൽ മത്സ്യകൃഷി-191/22 | 76,239 | |
| | 64,764 | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി-41/22 | 64,764 | |
| | 70,404 | വീട്ടുവളപ്പിൽ ബയോഫ്ലോക്ക് (ഗിഫ്റ്റ് തിലോപ്പിയ) -192/22 | 70,404 | |
| | 19,924 | വീട്ടുവളപ്പിൽ ബയോഫ്ലോക്ക് (ഗിഫ്റ്റ് തിലോപ്പിയ)-42/22 | 19,924 | |
| | 4,64,750 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-22/22 | 4,64,750 | |
| | 75,000 | പാലിന് സബ്സിഡി-49/22 | 75,000 | |
| | 4,00,000 | പാലിന് സബ്സിഡി-214/22 | 4,00,000 | |
| ആകെ | 16,08,881 | | 16,08,881 | 1,34,387 |

*മുന്നിരിപ്പിൽ നിന്നും ചെലവഴിച്ചത് -** 2000തിരിച്ചടച്ചിട്ടുണ്ട്

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വൗച്ചർ നം. & തീയതി | വിനിയോഗിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ കണക്ഷൻ -257/22 | 12,84,356 | 316/22, 7.3.22 ₹12,84,356 (ധനകാര്യ കമ്മിഷൻ അവാർഡ്) XY6278462,17.3.22 ₹15,644 (തനത് ഫണ്ട്) | 0 | 12,84,356 |
| കേരള വാട്ടർ അതോറിറ്റി | 144/22 ആമ്പിലാട് കനാൽപ്പാലം നിർമ്മാണം | 1,40,464 | XY6278441,14.2.22 ₹1,40,464 | 0 | 1,40,464 |

## 4-4 മൊബിലൈസേഷൻ നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപ തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻ്വലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ:

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷനിലെ ഷെയർ തീയതി 15.05.2014 | 20000 |

## 4-7 ഓഡിറ്റ്റിക്കവറി

ഓഡിറ്റ്റിക്കവറി ഇനത്തിൽ താഴെ കാണം പ്രകാരം ₹ 7500 ലഭിച്ചിട്ടുണ്ട്

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗ പേരും | രശീതിനമ്പർ &തിയ്യതി |
|---|---|---|---|---|
| 2019-20 | 1-16 | 7500 | ശ്രീമതി.ബിന്ദു | 121010102217 Dt20.9.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-9 | 2004-05 | 3.13 l.1 | വീട്ട് വാടക ബത്ത ഉയർന്ന നിരക്കിൽ അനുവദനീയമല്ല | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,44,19,816.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,84,40,124.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 911066 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-24 | | 25,000 | ഡോ.ഷൈമജ ഉത്തമൻ(വെറ്റിനറി സർജൻ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 67,019 | ശ്രീ.കെ.സത്യൻ (സെക്രട്ടറി ) |
| 1-21 | 2,40,000 | ശ്രീമതി.സൗമ്യ.എ(കൃഷി ഓഫീസർ) |
| 1-22 | 30,000 | ഡോ.ഷൈമജ ഉത്തമൻ (വെറ്റിനറി സർജൻ) |

| | | |
|---|---|---|
| 1-23 | 30,000 | ഡോ.ഷൈമജ ഉത്തമൻ (വെറ്ററിനറി സർജൻ) |
| 1-26 | 20000 | ഡോ.ഫാറൂഖ് , മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-27 | 2,75,198 | ഡോ.ഫാറൂഖ് , മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-29 | 58,810 | ഡോ.ഫാറൂഖ് , മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-31 | 1,90,039 | ശ്രീമതി. രാജശ്രീ കാളിയത്താൻ (ഹെഡ്മിസ്ട്രസ് ) |
| ആകെ | 911066 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-32 – 9684 – ശ്രീ. മനോജ് കുമാർ ആർ., അസി. എഞ്ചിനീയർ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.കെ.സത്യൻ (സെക്രട്ടറി ) | സെക്രട്ടറി,മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് | തിരുവാതിര , മാവിലായി |
| ശ്രീമതി.സൗമ്യ.എ(കൃഷി ഓഫീസർ) | കൃഷി ഓഫീസർ, മാങ്ങാട്ടിടം കൃഷി ഭവൻ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് | അളിക്കൽ ഹൗസ്, കേരള എസ്റ്റേറ്റ്, മലപ്പുറം |
| ഡോ.ഷൈമജ ഉത്തമൻ(വെറ്ററിനറി സർജൻ) | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് | സൂര്യ തേജസ്സ്, പാലേരി സ്റ്റോറിന് സമീപം കളിയിൽ കടവ് റോഡ്,അണ്ടലൂർ, പാലയാട് ,670661 |
| ഡോ.ഫാറൂഖ് , മെഡിക്കൽ ഓഫീസർ, പി എച്ച് സി | മെഡിക്കൽ ഓഫീസർ, പെരിന്തൽമണ്ണ ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ | പ്യാരി,മോങ്ങം, മൊറയൂർ (പി ഒ), മലപ്പുറം |
| ശ്രീമതി. രാജശ്രീ കാളിയത്താൻ (ഹെഡ്മിസ്ട്രസ് ) | ഹെഡ്മിസ്ട്രസ് , കണ്ടംകുന്ന് ഗവ : എൽ പി സ്കൂൾ, കണ്ടംകുന്ന് | ഹരിപ്രിയ, പാച്ചപൊയ്ക (പി ഒ) കൂത്തുപറമ്പ് |
| ശ്രീ. മനോജ് കുമാർ ആർ. | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, | ശ്രീപത്മം, ഉക്കണ്ടൻ |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | പീടിക, തിരുവങ്ങാട് പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 4 |
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 6 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 1 |
| 2009-10, 2010-11, 2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 4 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 3 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 1 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 1 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 8 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 8 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി8/ 341/2022 തിയതി: 24.06.2022 | 19 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി8/ 342/2022 തിയതി: 24.06.2022 | 25 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## വാർഷീക ധനകാര്യ പത്രികകൾ

| | | | |
|---|---|---|---|
| Mangattidam Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 45021763.00 |
| Cash | Cash | RP-40(a) | 19822.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 946650.00 |
| 130000000 | Rental income from Panchayat Properties | RP-3 | 23800.00 |
| 140000000 | Fees & User Charges | RP-4 | 2011843.00 |
| 150000000 | Sale & Hire Charges | RP-5 | 125949.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 68196955.00 |
| 171000000 | Interest Earned | RP-9 | 1038077.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 18959637.00 |
| 350000000 | Other Liabilities | RP-36 | 241043.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-29 | 155634.00 |

| | | | |
|---|---|---|---|
| 312000000 | Reserves | RP-30 | 0.0 |
| 340000000 | Deposits Received | RP-34 | 395840.00 |
| 350000000 | Other Liabilities | RP-36 | 273864.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 11941174.00 |
| 460000000 | Loans, Advances and Deposits | RP-47 | 109350.00 |
| | Grand total | | 149461401.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3482798.00 |
| 220000000 | Administrative Expenses | RP-12 | 2019869.00 |
| 230000000 | Operations & Maintenance | RP-13 | 1985123.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 10725478.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 24299971.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3323117.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1618020.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 390000.00 |

| | | | |
|---|---|---|---|
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 5877076.00 |
| 256000000 | Other Revenue Grants and Funds - Revenue | RP-21 | 16240.00 |

| | | | |
|---|---|---|---|
| | Expenses | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 530000.00 |
| 280000000 | Prior Period item | RP-26 | -8881.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1528508.00 |
| 350000000 | Other Liabilities | RP-36 | 9582258.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 97958.00 |
| 280000000 | Prior Period Item | RP-26 | -22500.00 |
| 340000000 | Deposits Received | RP-34 | 94850.00 |
| 350000000 | Other Liabilities | RP-36 | 3856615.00 |
| 410000000 | Fixed Assets | RP-38 | 8688806.00 |
| 412000000 | Capital work in Progress | RP-40 | 8626679.00 |
| 420000000 | Investments | RP-41 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 8850347.00 |
| 460000000 | Loans, Advances and Deposits | RP-47 | 2877792.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 51021277.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 149461401.00 |

Mangattidam Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 6167719.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 39550.00 |
| 140000000 | Fee & User Charges | I-4(b) | 2333364.00 |
| 150000000 | Sale & Hire Charges | I-5(b) | 125949.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 203486237.00 |
| 171000000 | Interest Earned | I-8 | 1038077.00 |
| 180000000 | Other Income | I-9 | 101105.00 |
| | Total Income | | 213292001.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12423789.00 |
| 220000000 | Administrative Expenses | I-11(b) | 2157571.00 |
| 230000000 | Operations & Maintenance | I-12(b) | 2256759.00 |
| 240000000 | Interest & Finance Charges | I-13 | 97826.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12891904.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 60142687.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4686129.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1618020.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 85081500.00 |
| 255000000 | Maintenance Projects | I-14(e) | 5877076.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 16240.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 530000.00 |
| 272000000 | Depreciation | I-17(a) | 24530305.00 |
| | Total Expenditure | | 212309806.00 |
| | Gross Surplus/ Deficit of income over Expenditure | | 982195.00 |
| 280000000 | Prior Period Item | I-18 | 35114.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 947081.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Mangattidam Grama Panchayat BALANCE SHEET

As On 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 134714318.50 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 91239.00 |
| 312000000 | Reserves | B-3 | 86893495.00 |
| | Total Reserve & Surplus | | 221699052.50 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16928147.00 |
| | Total Grants, Contributions for Specific Purposes | | 16928147.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1157890.00 |
| 350000000 | Other Liabilities | B-9 | 1484486.50 |
| | Total Current Liabilities and Provisions | | 2642376.50 |
| | TOTAL LIABILITIES | | 241269576.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 260049262.00 |
| 411000000 | Accumulated Depreciation | B-11 | -115223698.00 |
| 412000000 | Capital Work in Progress | B-11(a) | 1110913.00 |
| | Total Fixed Assets | | 145936477.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |

| | | | |
|---|---|---|---|
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 8882752.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 51021277.00 |
| 460000000 | Loans, Advances and Deposits | B-18 | 35409070.00 |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 95313099.00 |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 241269576.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.